## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. HARITHA V KUMAR IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് –MGNREGS പദ്ധതി പ്രകാരം കെട്ടിട നിർമ്മാണാനുമതി നൽകിയ 137 അങ്കണവാടികൾക്കുള്ള വനിത ശിശുവികസന വകുപ്പ് വിഹിതം നടപ്പ് സാമ്പത്തിക വർഷത്തിൽ വീണ്ടും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം:
1. കേന്ദ്ര സർക്കാരിന്റെ 31.03.2023 തീയതിയിലെ CD-II-14/36/2022-CD-II നമ്പർ കത്ത്
2. സ.ഉ.(സാധാ) നം 340/2023/WCDD തീയതി 13/06/2023
3. ഈ കാര്യാലയത്തിലെ 14.06.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
4. ഈ കാര്യാലയത്തിലെ 02.12.2023,04.03.2024,15.03.2024,22.06.2024, 16.08.2024,01.11.2024,30.11.2024,06.01.2025,30.01.2025,19.02.2025,21.03.2025,28.03.2025, 06.06.2025,21.06.2025 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ

**ഉത്തരവ് നം: DWCD/1999/2023-ICDSA7 തീയതി: 07-03-2026**

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുതിയ കോസ്റ്റ്നോംസ് പ്രകാരം MGNREGA-യുമായി സംയോജിപ്പിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടനിർമ്മാണത്തിന് 8 ലക്ഷം രൂപ MGNREGA വിഹിതവും 2 ലക്ഷം രൂപ ഫിനാൻസ് കമ്മീഷൻ ഫണ്ടും 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകളും വഹിക്കുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്രവിഹിതമായ 168 ലക്ഷം രൂപ പരാമർശം (1) പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു അങ്കണവാടിയ്ക്ക് 2,00,000/- രൂപ നിരക്കിൽ 140 അങ്കണവാടികൾക്കായി 60% കേന്ദ്ര വിഹിതമായ 1,68,00,000/- രൂപയും സംസ്ഥാനവിഹിതമായ 1,12,00,000/- രൂപയും ചേർത്ത് ആകെ 2,80,00,000/- (രണ്ട് കോടി എൺപത് ലക്ഷം രൂപ) അനുവദിച്ചും ടി തുക വിനിയോഗിച്ച് 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (2) പ്രകാരം ലഭിക്കുകയും പ്രസ്തുത തുക MGNREGA സ്കീമിനായി (scheme code KL 257) IDBI ബാങ്കിൽ വനിതശിശുവികസനഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ (Account no 0889104000111751) പരാമർശം (3) പ്രകാരം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്.

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (4) പ്രകാരം 140 അങ്കണവാടികൾക്ക് വിവിധ തീയതികളിലായി നിർമ്മാണാനുമതി നൽകിയിരുന്നു. ഇതിൽ 36 അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ബിൽ തുക മാറി നൽകിയിട്ടില്ലാത്തതിനാലും സാമ്പത്തിക വർഷം പൂർത്തിയായതിനാലും ഈ സാമ്പത്തിക വർഷം നവീകരണാനുമതി നൽകിയ 3 അങ്കണവാടികളുടെ (06.06.2025 ൽ) തുക ഒഴികെ ബാക്കി തുക വിനിയോഗിക്കുന്നതിനായി ലിമിറ്റ്

സെറ്റ് ചെയ്തിരുന്നതിന്റെ കാലാവധി കഴിയുകയും തുക നിലവിൽ വനിത ശിശുവികസന ഡയറക്ടറുടെ പേരിലുള്ള MGNREGA സ്കീമിനായി (scheme code KL257) IDBI ബാങ്കിൽ ആരംഭിച്ചിട്ടുള്ള Account No.0889104000111751 (IFSC Code IBKL 0000889) എന്ന SNA അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ആയിട്ടുമുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ SNA അക്കൗണ്ടിൽ നിന്നും MGNREGS മിഷൻ ഡയറക്ടറുടെ child agency account വഴി തുക വിനിയോഗിക്കുന്നതിനുള്ള സമയ പരിധി കഴിഞ്ഞ തുക (274 ലക്ഷം രൂപ) MGNREGS മിഷൻ ഡയറക്ടറുടെ child agency account (Account No 0046104000268257 IFSC -IBKL0000046) മുഖേന വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയും ആയതിലേക്ക് 2,74,00,000/- (ഇരുന്നൂറ്റി എഴുപത്തിനാല് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചും ഉത്തരവാകുന്നു. കെട്ടിട നിർമാണം പൂർത്തിയായവയുടെ ബില്ലുകൾ അടിയന്തിരമായി മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ കേന്ദ്ര പദ്ധതികൾ PFMS പ്ലാറ്റ്ഫോമിൽ നിന്നും SNASPARSH-ലേയ്ക്ക് മാറുന്ന സാഹചര്യത്തിൽ ടി അനുവദിച്ച തുകകൾ നഷ്ടപെടാതിരിക്കാൻ ബാക്കിയുള്ള കെട്ടിട നിർമാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ MGNREGS മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് തുക ചെലവഴിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം/SOE എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

MGNREGS മിഷൻ ഡയറക്ടർ
തിരുവനന്തപുരം

( HARITHA V KUMAR IAS )
വനിത ശിശുവികസന ഡയറക്ടർ

പകർപ്പ്:-

1.സൂപ്രണ്ട് ,അക്കൗണ്ട് സെക്ഷൻ (തുക അനുവദിക്കുന്നതിനായി)

2.സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
A R Rahul
Date: 07-03-2026
17:12:17
സൂപ്രണ്ട്